അഗ്നിശമന സേനയ്ക്ക് ആധുനിക സജ്ജീകരണങ്ങൾ

92(384) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനയ്ക്ക് ഇപ്പോഴുള്ള സജ്ജീകരണങ്ങൾ എന്തൊക്കെയാണ്; ഏതെല്ലാം സന്ദർഭങ്ങളിലാണ് ഇവരുടെ സേവനം ഉപയോഗപ്പെടുത്തുന്നത്;

(ബി) വർത്തമാന സാഹചര്യങ്ങളെ നേരിടുവാൻ അഗ്നിശമനസേന സ്വയം പര്യാപ്തമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) അഗ്നിശമനസേനയ്ക്ക് ഹെലികോപ്റ്ററുകൾ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വാട്ടർ ടെണ്ടർ, മിനിവാട്ടർ ടെണ്ടർ, എമർജൻസി ടെണ്ടർ, ക്രാഷ് ടെണ്ടർ, ഇൻഡസ്ട്രിയൽ വാട്ടർ ടെണ്ടർ, വാട്ടർ ലോറി, റിക്കവറി വെഹിക്കിൾ, ജെ.സി.ബി., ആംബുലൻസ്, ജീപ്പ് ഉൾപ്പെടെയുള്ള വാഹനങ്ങളും ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ്, വാട്ടർ മിസ്റ്റ് സിസ്റ്റം, അണ്ടർ വാട്ടർ ബി.എ. സെറ്റ്, റബർ ഡിങ്കി വിത്ത് എൻജിൻ, ബി.എ.സെറ്റ്, ഇൻഫ്ളാറ്റബിൾ എമർജൻസി ലൈറ്റ് ഉൾപ്പെടെയുള്ള ഉപകരണങ്ങളും രക്ഷാപ്രവർത്തനത്തിനായി സജ്ജീകരിച്ചിട്ടുണ്ട്. തീപിടുത്തം, വെള്ളത്തിൽ ഉണ്ടാകുന്ന അപകടങ്ങൾ, പ്രകൃതി ദുരന്തം മറ്റ് അപകടങ്ങൾ എന്നിവ ഉണ്ടാകുമ്പോൾ അഗ്നിശമനരക്ഷാ സേവന വകുപ്പിന്റെ സേവനം ഉപയോഗപ്പെടുത്തുന്നു.

(ബി) ഇല്ല. ഉദിക്കുന്നില്ല.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

തളിപ്പറമ്പിലെ ഫയർഫോഴ്സ് ഓഫീസ് മാറ്റാൻ നടപടി

93(385) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാസം പതിനായിരക്കണക്കിന് രൂപ സ്വകാര്യവ്യക്തിക്ക് വാടക നല്കി പ്രവർത്തിക്കുന്ന തളിപ്പറമ്പിലെ ഫയർ & റെസ്ക്യൂ സർവീസസ് കെട്ടിടത്തിന്റെ മാറ്റം സംബന്ധിച്ച് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടി അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ആവശ്യത്തിനായി ആഭ്യന്തര വകുപ്പിൽനിന്ന് ജലവിഭവ വകുപ്പിലേക്ക് കത്തയച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് നല്കാമോ;

(സി) ഇക്കാര്യത്തിൽ ജലവിഭവ വകുപ്പിന്റെ മറുപടി ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഓഫീസ് മാറ്റം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമെന്താണ്; തടസ്സമില്ലെങ്കിൽ എപ്പോൾ മാറ്റം നടക്കുമെന്ന് അറിയിക്കുമോ;

ഉത്തരം

(എ) നിവേദനത്തിന്റെ അടിസ്ഥനത്തിൽ തളിപ്പറമ്പ് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് പഴശ്ശി പ്രോജക്ടിന്റെ 3½ ഏക്കർ സ്ഥലവും അതിൽ സ്ഥിതിചെയ്യുന്ന പഴയ കെട്ടിടങ്ങളും വിട്ടുകിട്ടുന്നതിന് ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) ഇല്ല.

(ഡി) പ്രസ്തുത സ്ഥലവും കെട്ടിടവും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് വകുപ്പിന് രേഖാമൂലം കൈമാറ്റം ചെയ്ത് കിട്ടിയശേഷം അത്യാവശ്യം വേണ്ടുന്ന മെയിന്റനൻസ് ജോലികൂടി പൂർത്തിയാക്കുന്ന മുറയ്ക്ക് ഇവിടേയ്ക്ക് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ മാറ്റി സ്ഥാപിക്കാവുന്നതാണ്.

ഫയർ&റെസ്ക്യൂ സർവ്വീസസിന്റെ വിപുലീകരണം

94(386) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ&റെസ്ക്യൂ സർവ്വീസസിന്റെ വിപുലീകരണത്തിന്റെ ഭാഗമായി പുതുതായി എത്ര ഫയർ സ്റ്റേഷനുകൾ ആരംഭിക്കാൻ ലക്ഷ്യമിടുന്നു എന്നും ആയത് എവിടെയൊക്കെയാണ് എന്നും അറിയിക്കുമോ;

(ബി) ഇതിൽ എത്ര ഫയർ സ്റ്റേഷനുകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്;

(സി) ഫയർ സ്റ്റേഷനുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 8 (എട്ട്). ടെക്നോപാർക്ക് (തിരുവനന്തപുരം), ഏലൂർ (എറണാകുളം), കുറ്റിക്കോൽ (കാസർഗോഡ്), മാള (തൃശ്ശൂർ), കൊടുവള്ളി (കോഴിക്കോട്), ഇരിട്ടി (കണ്ണൂർ), കൊട്ടാരക്കര (കൊല്ലം), പുതുക്കാട് (തൃശ്ശൂർ),

LIBRARY ARCHIVES Kerala Legislative Assembly